കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.1/1500/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in,

Phone: 0497 2707698


തീയ്യതി: 10.10.2017

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) , 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം( ഇ മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ. എസ്. എ. /കെ.എൻ.ആർ./സി.1/1500/2017 തീയതി : 10.10.2017

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ

## 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

### ആമുഖം

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 14.10.16 മുതൽ 14.08.2017 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണംപിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ അശോകൻ മഠത്തിൽ ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.08.17 മുതൽ 24.08.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |
| 2 | സുധീഷ് എം പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ലതീഷ് കുമാർ കെ കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി നളിനി കെ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ ജെയ്സൺ മാത്യു | 01.04.2016മുതൽ03.09.16AN വരെ<br>(25.04.16-30.04.16,26.07.16-30.07.16ആർജ്ജിതാവധി) |

| | | |
|---|---|---|
| | ശ്രീ ബാബുരാജ് എം.പി (അസിസ്റ്റന്റ് സെക്രട്ടറി) | 25.04.16 മുതൽ 30.04.16 വരെയും 26.07.16മുതൽ 30.07.16 വരെയും 03.09.16 മുതൽ 05.09.16 വരെയും സെക്രട്ടറിയുടെ അധികച്ചുമതല |
| | ശ്രീ ഗോപി എം ടി | 06.09.16 മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ കെ എം മോഹനൻ | 01.04.16മുതൽ 31.03.17 വരെ |
| 2 | വെറ്റിനറി സർജൻ | ഡോ ഹരികുമാർ | 01.04.16മുതൽ 18.02.17 വരെ |
| | | ഡോ വിൻസന്റ് | 19.02.17മുതൽ 31.03.17 വരെ |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഷംന ഉണ്ണിക്കൃഷ്ണൻ | 01.04.16 മുതൽ 13.10.16വരെ |
| | | ശ്രീ ഗണേശൻ എം ടി | 14.10.16 മുതൽ 31.03.17 വരെ |
| 4 | ഹെഡ് മാസ്റ്റർ, ജി യു പി എസ് , പോത്താംകണ്ടം | ശ്രീ ചന്ദ്രൻ എം എച്ച് | 01.04.16മുതൽ 31.03.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ പെരിങ്ങോം) | ഡോ സലീന | 01.04.16 മുതൽ 31.03.17വരെ |
| 6 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ബാബുരാജ് എം പി | 01.04.16 മുതൽ 31.03.17 വരെ |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി വിഭ | 01.04.16മുതൽ 31.03.17 വരെ |

| | | | |
|---|---|---|---|
| 8 | വി.ഇ.ഒ | ശ്രീ സുനിൽ കുമാർ ക | 01.04.16മുതൽ 31.03.17വരെ |
| 9 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ രാഖി | 01.04.16മുതൽ 31.03.17വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരങ്ങൾ |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ |
| 11 | 1-11 | ഗ്രാമസഭ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 12 | 2-1 | 100ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു-9531 രൂപയുടെ വരവു നഷ്ടം |
| 13 | 2-2 | ഡി& ഒ ട്രേഡ് ലൈസൻസ് വ്യാപാരികളുടേയും വ്യവസായികളുടേയും വാർഡ് തല പട്ടിക തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 14 | 2-3 | റോഡ് കട്ടിംഗ് ചാർജ്ജ്- യൂസർഫീസ് ഈടാക്കാത്തതും മറ്റ് അപാകങ്ങളും |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | 3-1 | ഫുൾടൈം സ്വീപ്പർ- ഗ്രേഡ് പ്രൊമോഷൻ കുടിശിക അധികം നല്കിയതും മറ്റ് അപാകങ്ങളും- 8007രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല |
| 16 | 3-2 | ഡി ബി ടി വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ - വിതരണം നിരീക്ഷിക്കപ്പെടുന്നില്ല |
| 17 | 3-3 | തെരുവുവിളക്ക് റിപ്പയർ - സ്റ്റോക്ക് രജിസ്റ്റർ , റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല- 110388രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 18 | 3-4 | ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്തവർ തിരികെ നല്കുന്നില്ല- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 19 | 3-5 | മഴക്കാല പൂർവ്വ ശുചീകരണ പരിപാടി- നിർദ്ദിഷ്ട സമയപരിധിക്കകം ചെലവു നടത്തിയില്ല- 141400 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 20 | 3-6 | സാന്ത്വന പരിചരണപരിപാടി- മാർഗ്ഗരേഖാ വിരുദ്ധമായി ചെലവു |

| | | |
|---|---|---|
| | | നടത്തുകയും ചെലവുരേഖകൾ ഹാജരാക്കാതിരിക്കുകയും ചെയ്യതിനാൽ 109703 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 21 | 3-7 | മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കിയിട്ടില്ല -80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 22 | 3-8 | യുവജനങ്ങൾക്ക് കായിക പരിശീലന പരിപാടി നടപ്പാക്കൽ- മാർഗ രേഖ നിർദ്ദേശം പാലിച്ചില്ല. |
| 23 | 3-9 | ചേമന കുറ്റൂർ വട്ടയാട് റോഡ് ടാറിംഗ്- കൺവീനറുടെ ചെലവു രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും-483995രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 24 | 3-10 | ഭൂനികുതി ഒടുക്കാത്തത് |
| 25 | 3-11 | കക്കൂസ് നിർമ്മാണം- വിവിധ അപാകങ്ങൾ-42,60,200രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 26 | 3-12 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 27 | 3-13 | ഡ്രൈവിംഗ് പരിശീലനം നല്കിയത്- മാർഗരേഖനിർദ്ദേശങ്ങൾ പാലിച്ചില്ല- 40000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 28 | 3-14 | ഇ എം എസ് ഭവന നിർമ്മാണം - തുടർ ഗഡുക്കൾ നല്കൽ- രേഖകൾ പൂർണ്ണമല്ല- 30000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 29 | 3-15 | കിണർ ആൾമറ നിർമ്മാണം - രേഖകൾ ഹാജരാക്കിയില്ല- 32000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 30 | 3-16 | വി ഇ ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകൾ പൂർണ്ണമല്ല |
| 31 | 3-17 | കുടുംബശ്രീ വനിതാ ഹോട്ടൽ യൂനിറ്റിന് ധനസഹായം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല-100000രൂപയുടെ ചെലവ് |

| | | |
|---|---|---|
| | | തടസപ്പെടുത്തുന്നു |
| 32 | 3-18 | കുടുംബശ്രീ സിഡിഎസ് മുഖേന സ്റ്റീൽ പാത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം- അപാകങ്ങൾ- 120000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 33 | 3-19 | പൊതുമരാമത്ത് പ്രവൃത്തികൾക്കു വേണ്ടി ബിറ്റുമിൻ ,ബിറ്റുമിൻ ഇമൽഷൻ വാങ്ങൽ- അധികം നല്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 34 | 3-20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പദ്ധതികൾ |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം |
| 38 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 39 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം |
| 42 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| 44 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 45 | അനുബന്ധം2 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 46 | അനുബന്ധം3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 47 | അനുബന്ധം4 | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.02.16 തിയതിയിലെ 109/16 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ള വരവു ചെലവുകൾ താഴെ കൊടുക്കുന്നു. 31.03.17 ലെ 108/17 തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 480838 | 480838 |
| വരവ് | 104449700 | 63108935 |
| ആകെ | 104930538 | 63589773 |
| ചെലവ് | 104380552 | 63039787 |
| നീക്കിയിരിപ്പ് | 549986 | 549986 |

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|
| 31.07.17 | 09.06.17 | ചില ജേണൽ എൻട്രികൾ ഒഴിവായതിനാൽ റിജക്ട് ചെയ്യാൻ അപേക്ഷ നല്കുകയും പുതുക്കിയ ധനകാര്യ പത്രിക 21.08.17 ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആകെ വരവു ചെലവുകളിൽ വ്യത്യാസമില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തരം |
|---|---|---|---|

| | | | |
|---|---|---|---|
| 2016-17 | 23.08.17 | കെഎസ്എ കെഎൻആർ സി / /2017 | വിശേഷണങ്ങളോടു കൂടിയത് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

(a)വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1.ആസ്തിയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ല.

2.സംയോജിത പദ്ധതികൾക്കായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് മുൻ വർഷങ്ങളിൽ ലഭിച്ച തുകയിൽ ബാക്കിവന്ന തുക അതാത് സാമ്പത്തിക വർഷാവസാനം തിരിച്ചടക്കാതെ നീക്കിയിരിപ്പായി കാണിച്ചത് ശരിയല്ല.

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | റവന്യൂ | 35895 | അംഗപരിമിതർക്ക് ഉപകരണ വിതരണം എന്ന പദ്ധതിക്കായി 04.11.15 ന് ലഭിച്ച 50000രൂപയിൽ 14105രൂപ 2016-17 ൽ ചെലവഴിച്ചതിന്റെ ബാക്കി തുക | തുക ചെറുപുഴ സബ്ട്രഷറിയിലെ 71910140000003 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. |
| | ക്യാപ്പിറ്റൽ | 301333 | 300000 രൂപ വലിയചിറ വിസിബി നിർമ്മാണത്തിനായി 2011-12 സാമ്പത്തിക വർഷം ലഭിച്ചതും,1333രൂപ ആനപ്പെട്ടി പ്പൊയിൽ മുണ്ടൂർക്കാനം റോഡ് ടാറിംഗിനായി ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ളതുമാണ്. | |
| ജില്ലാപഞ്ചായത്ത് | റവന്യൂ | 256860 | 06.03.13 ന് ഭവന പുനരുദ്ധാരണ പദ്ധതിക്കായി ലഭിച്ച 500000രൂപയിൽ 2014-15 സാമ്പത്തികവർഷം 212140 രൂപ ചെലവഴിച്ചു. നീക്കിയിരിപ്പ് 256860രൂപ | |
| | ക്യാപ്പിറ്റൽ | 661713 | വലിയചിറ വിസിബി | |

| | | | | |
|---|---|---|---|---|
| | | | നിർമ്മാണത്തിനായി 2012-13ൽ ലഭിച്ച 500000 രൂപയും കണ്ണങ്കൈ സാംസ്കാരിക നിലയം നിർമ്മാണത്തിനായി 06.03.13 ന് ലഭിച്ച 800000 രൂപയിൽ 2014-15 ൽ ചെലവഴിച്ച 638287രൂപ കഴിച്ച് ബാക്കിയുള്ള 161713 രൂപയും ചേർന്ന് ആകെ 661713രൂപ | |

ഇതിൽ വലിയചിറ വിസിബി നിർമ്മാണത്തിനായി ജില്ലാപഞ്ചായത്തിൽ നിന്ന് 2012-13 സാമ്പത്തിക വർഷം ലഭിച്ച 500000രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2011-12 ൽ ലഭ്യമായ 300000രൂപയും നാളിതു വരെ വിനിയോഗിക്കപ്പെട്ടിട്ടില്ല. എല്ലാ വർഷവും സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തുന്നുണ്ടെങ്കിലും നാളിതു വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ജി.ഒ.(ആർ.ടി.) നം. 192/2010/തസ്വഭവ തീ. 19.2.2010-ലെ നിർദ്ദേശങ്ങൾ കാണുക)

3കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും 2015-16 ലെ സ്വാന്ത്വന പരിചരണത്തിനായി 22.04.16 ന് 100000രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയും ഉൾപ്പെടുത്തി സ്പിൽ ഓവർ പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും (പ്രോജക്ട് നമ്പർ 136/17)സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവില്ല. എന്നാൽ സെക്രട്ടറി വൌച്ചർ നമ്പർ 21600118/03.05.16 109783രൂപ മെഡിക്കൽ ഓഫീസർക്ക് സ്പിൽ ഓവർ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ കൈമാറിയിട്ടുണ്ട്. പദ്ധതി തയ്യാറാക്കുന്നതിനു മുമ്പ് തുക കൈമാറിയതിനും ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവ് രേഖപ്പെടുത്താത്തതിനും വിശദീകരണം നല്കിയിട്ടില്ല.

4.ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശയായി RP 9ൽ ചേർത്ത തുക (54973രൂപ) യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. തനത് ഫണ്ട് അക്കൌണ്ടുകളിൽ തൻവർഷം ലെഡ്ജർ പ്രകാരം 57070രൂപ പലിശയുണ്ട്. തെറ്റായ ഹെഡുകളിൽ ചേർത്ത തുക ശരിയായ ഹെഡിലേക്ക് മാറ്റുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

5. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6 .ഒ ഡി എഫ് പദ്ധതിക്കായി ടി എസ് സി വിഹിതം ലഭിക്കുന്നതിനു മുമ്പ് ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് പദ്ധതി നടപ്പാക്കിയതിനാൽ കേന്ദ്രവിഹിതം ലഭിക്കുന്ന മുറക്ക് തുക അധിക വിഹിതമായി കണക്കാക്കി പുതിയ പദ്ധതി തയ്യാറാക്കി 31.07.17 നകം വിനിയോഗിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ബി 4ഷെഡ്യൂളിൽ ഈയിനത്തിൽ 27,90,000രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.പദ്ധതി തയ്യാറാക്കി നടപ്പാക്കി വരുന്നു എന്ന മറുപടി തൃപ്തികരമല്ല.

7.വാർഷിക ധനകാര്യ പത്രികയിലെ ഐ 1 ഷെഡ്യൂൾ പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ്(ട്രെയ്ഡേഴ്സ്&പ്രൊഫഷണൽസ്), 330640രൂപയും ആർ പി 43 പ്രകാരമുള്ള കലക്ഷൻ തുക 302190രൂപയും ആണ് . എന്നാൽ വ്യത്യാസം വരുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് 310640രൂപയാണ്. ആയത് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/16-17,24.08.17 ന് മറുപടിയായി ഡിമാന്റ് രജിസ്റ്ററിൽ തെറ്റുവന്നതാണെന്നും ധനകാര്യ പത്രികയിലെ തുക ശരിയാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3874169 |
| വരവ് | 57588355 |
| ആകെ | 61462524 |
| ചെലവ് | 53282342 |
| നീക്കിയിരിപ്പ് | 8180182 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട് മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15002022 | 15002022 | 12803357 | 2198665 | 0 | 85.34 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2663379 | 2663379 | 2663379 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6926466 | 6926466 | 3152137 | 3774329 | 0 | 45.51 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4190016 | 4190016 | 2776769 | 1413247 | 0 | 66.27 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8413355 | 8413355 | 6495900 | 1917455 | 0 | 77.21 |
| പെർഫോമൻസ് ഗ്രാന്റ്-സ്റ്റേറ്റ് ഷെയർ | 0 | 1157993 | 1157993 | 0 | 1157993 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ്-സെൻട്രൽ ഷെയർ | 0 | 3272001 | 3272001 | 2825989 | 446012 | 0 | 86.37 |
| എംഎൻ.ആർ. ഇ.ജി.എസ്. | 612 | 21048870 (വരവ്) | 21049482 | 21048467 | -- | 1015 | 99.99 |
| ബി ഫണ്ട് | 0 | 47168815 (വരവ്) | 47168815 | 47168815 | -- | 0 | 100 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 347011 | 496500 (വരവ്) | 843511 | 506283 | -- | 337228 | 60.02 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1081073 | 285000 | 1366073 | 447500 | -- | 918573 | 32.76 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 133 | 54539127 | 108 | 35578821 | 43 | 65 | 25 | 48.87 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 5 | 2912000 | 2567000 | 88.15 |

| | | | | | | |
|---|---|---|---|---|---|---|
| 2 | വെറ്റിനറി സർജൻ | 4 | 4 | 1123000 | 1023000 | 91.1 |
| 3 | മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ പെരിങ്ങോം | 4 | 3 | 909783 | 510000 | 56.06 |
| 4 | വി ഇ ഒ | 15 | 15 | 7542735 | 7125975 | 94.47 |
| 5 | ഹെഡ് മാസ്റ്റർ | 7 | 6 | 2057882 | 2027184 | 98.5 |
| 6 | ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 6232175 | 6173336 | 99.06 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 47 | 29237359 | 12179836 | 41.66 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 1624100 | 1624100 | 100 |
| 9 | സെക്രട്ടറി | 13 | 10 | 2000093 | 1448390 | 72.42 |
| 10 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 900000 | 900000 | 100 |
| | ആകെ | 133 | 108 | 54539127 | 35578821 | 65.24 |

പദ്ധതികൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ വിശകലനം ചെയ്യാത്തത് അപാകമാണ്. മോണിറ്ററിംഗ് ഫലപ്രദമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 31.07 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4105102 | 4646656 | 541554 | 13.19 |
| നികുതിയേതര വരവുകൾ | 847604 | 1845104 | 997500 | 117.69 |
| ആകെ | 4952706 | 6491760 | 1539054 | 31.07 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 285120 | 151 |
| കർഷകതൊഴിലാളി പെൻഷൻ | 6020290 | 599 |
| വിധവാപെൻഷൻ | 17570910 | 1315 |
| വാർദ്ധക്യകാലപെൻഷൻ | 18773880 | 1840 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3194595 | 300 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകർക്കുള്ള പെൻഷൻ | 844020 | 66 |
| വിവാഹ ധനസഹായം | 480000 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2337രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.07.17,18.07.17 | 6/2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.06.14 മുതൽ 18.06.14 വരെ | 2009-10 മുതൽ 2013-14 വരെ | 30.07.14 |

## 1-11 ഗ്രാമസഭ

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ പതിനാറ് വാർഡുകളാണുള്ളത്. മുഴുവൻ വാർഡുകളിലും 7/16,10/16,11/16,2/17 മാസങ്ങളിലായി നാലു തവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഭരണ നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് ഓരോ വർഷത്തേയും ആദ്യത്തെ ഗ്രാമസഭ മുമ്പാകെ വെക്കേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(6) ലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

വകുപ്പ് 3A(1) (j) യിൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധ തരം ക്ഷേമധനസഹായം ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമസഭകൾക്കുണ്ടെങ്കിലും ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കപ്പെടുന്നില്ല. ഇതു സംബന്ധിച്ച അജണ്ട ഓരോ ഗ്രാമസഭയിലും ഉൾപ്പെടുത്തേണ്ടതും വിവിധ കാരണങ്ങളാൽ അർഹരല്ലാതാകുന്ന ഗുണഭോക്താക്കളുടെ വിവരം യഥാസമയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 100 ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു-6832 രൂപയുടെ വരവു നഷ്ടം

കേരള സർക്കാരിന്റെ 14.01.2011 ലെ 19/2011/തസ്വഭവ,20/2011/ തസ്വഭവനമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ 25.10.2011 ലെ 434/2011നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമ,ദ്വിതീയ,ത്രിതീയം എന്നിങ്ങനെ മേഖലകളായി വിഭജിച്ച് ഓരോ വിഭാഗം കെട്ടിടത്തിനും അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്.ഇതിൽ വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്ററിൽ കുടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50/- രൂപ നിരക്കിലാണ് വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം ചട്ടം4-ഉപചട്ടം-1ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ അവയെ വേറെ വേറെ കെട്ടിടഭാഗങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തുവാൻ പാടുള്ളൂ.എന്നാൽ ഗ്രാമപഞ്ചായത്തിലെ വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മുറികൾക്ക് പ്രത്യേകം പ്രത്യേകം കെട്ടിട നമ്പർ നൽകി 40/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്.വിശദവിവരം ചുവടെ

പേര്-പടിഞ്ഞാറ്റുകുഴിയിൽ സന്തോഷ് മാണിയാട്ട്

ഫയൽ നം-A2-6095/16 19.05.2016

| ഡിമാന്റ് നം. | വാർഡ് നമ്പർ,കെട്ടിട നമ്പർ | വിസ്തീർണ്ണം.ച.മീ | ഈടാക്കിയത് @40 രൂപ | ഈടാക്കേണ്ടത് @50രൂപ | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 11830 | III-723 A | 95.17 m2 | അടിസ്ഥാന വസ്തു നികുതി 3806.80<br>വർദ്ധനവ് 20% (വർദ്ധനവ്)=761.36<br>ഇളവ്-761.36 (20%)<br>ആകെ =3807 | അടിസ്ഥാന വസ്തു നികുതി 95.17x50=4758.50<br>വഴി സൗകര്യം 20% (വർദ്ധനവ്)=951.70<br>ഇളവ്-951.70<br>ആകെ =4759 | 952 |
| 11831 | III-723 B | 41.36 | അടിസ്ഥാന വസ്തു നികുതി 1654.40<br>വർദ്ധനവ് 20% (വർദ്ധനവ്)=330.80<br>ഇളവ്-330.80<br>ആകെ =1655 | അടിസ്ഥാന വസ്തു നികുതി 41.36x50=2068<br>വഴി സൗകര്യം 20% (വർദ്ധനവ്)=413.60<br>ഇളവ്-413.60 (20%)<br>ആകെ =2068 | 413 |
| 11832 | III-723 C | 41.36 | അടിസ്ഥാന വസ്തു നികുതി 1654.40<br>വർദ്ധനവ് 20% (വർദ്ധനവ്)=330.80<br>ഇളവ്-330.80<br>ആകെ =1655 | അടിസ്ഥാ വസ്തു നികുതി 41.36x50=2068<br>വഴി സൗകര്യം 20% (വർദ്ധനവ്)=413.60<br>ഇളവ്-413.60 (20%)<br>ആകെ =2068 | 413 |
| 11833 | III-723 D | 37.02 | അടിസ്ഥാന വസ്തു നികുതി 1480.80<br>വർദ്ധനവ് 20% (വർദ്ധനവ്)=296.16<br>ഇളവ്-296.16<br>ആകെ =1481 | അടിസ്ഥാന വസ്തു നികുതി 37.02 x50=1851<br>വഴി സൗകര്യം 20% (വർദ്ധനവ്)=370.20<br>ഇളവ്-370.20 (20%)<br>ആകെ =1851 | 370 |
| 11834 | III-723 E | 37.02 | അടിസ്ഥാന വസ്തു നികുതി 1480.80<br>വർദ്ധനവ് 20% (വർദ്ധനവ്)=296.16<br>ഇളവ്-296.16 | അടിസ്ഥാന വസ്തു നികുതി 37.02 x50=1851<br>വഴി സൗകര്യം 20% (വർദ്ധനവ്)=370.20 | 370 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ =1481 | ഇളവ്-370.20<br>(20%)<br>ആകെ =1851 | |
| 11835 | III-723 F | 31.73 | അടിസ്ഥാന വസ്തു നികുതി 1269<br>വർദ്ധനവ് 20% (വർദ്ധനവ്)=253.84<br>ഇളവ്-253.84<br>ആകെ =1269 | അടിസ്ഥാന വസ്തു നികുതി 31.73 x50=1586.50<br>വഴി സൗകര്യം 20% (വർദ്ധനവ്)=317.30<br>ഇളവ്-317.30<br>(20%)<br>ആകെ =1587 | 319 |
| ആകെ | | 283.66ച.മീ | | | 2837 |

പേര്-അജിത.പി.പാണപ്പുരയിൽ

ഫയൽ നം-A2-6259/16 10.05.2016

| ഡിമാന്റ് നം. | വാർഡ് നമ്പർ,കെട്ടിട നമ്പർ | വിസ്തീർണ്ണം.ച.മീ | ഈടാക്കിയത്<br>@40 രൂപ | ഈടാക്കേണ്ടത്<br>@40 രൂപ | കുറവ് |
|---|---|---|---|---|---|
| 11810 | III-327 A | 16.09 | അടിസ്ഥാന വസ്തു നികുതി 643.60<br>വർദ്ധനവ് 20% (വർദ്ധനവ്)=128.72<br>ഇളവ്-0<br>ആകെ =773 | അടിസ്ഥാന വസ്തു നികുതി 16.09x50=804.50<br>വഴി സൗകര്യം 20% (വർദ്ധനവ്)=160.90<br>ഇളവ്-0<br>ആകെ =965 | 192 |
| 11811 | III-327 B | 16.09 | അടിസ്ഥാന വസ്തു നികുതി 643.60<br>വർദ്ധനവ് 20% (വർദ്ധനവ്)=128.72<br>ഇളവ്-0<br>ആകെ =773 | അടിസ്ഥാന വസ്തു നികുതി 16.09x50=804.50<br>വഴി സൗകര്യം 20% (വർദ്ധനവ്)=160.90<br>ഇളവ്-0<br>ആകെ =965 | 192 |
| 11812 | III-327 C | 16.09 | അടിസ്ഥാന വസ്തു നികുതി 643.60<br>വർദ്ധനവ് 20% | അടിസ്ഥാന വസ്തു നികുതി 16.09x50=804.50 | 192 |

| | | | | | |
|---|---|---|---|---|---|
| | | | (വർദ്ധനവ്)=128.72<br>ഇളവ്-0<br>ആകെ =773 | വഴി സൗകര്യം 20% (വർദ്ധനവ്)=160.90<br>ഇളവ്-0<br>ആകെ =965 | |
| 11813 | III-327 D | 18.06 | അടിസ്ഥാന വസ്തു നികുതി 722.40<br>വർദ്ധനവ് 20% (വർദ്ധനവ്)=144.48<br>ഇളവ്-43.35(IstFloor)<br>ആകെ =824 | അടിസ്ഥാന വസ്തു നികുതി 18.06 x50=903<br>വഴി സൗകര്യം 20% (വർദ്ധനവ്)=180.60<br>ഇളവ്-54.18<br>ആകെ =1029 | 205 |
| 11814 | III-327 E | 18.06 | അടിസ്ഥാന വസ്തു നികുതി 722.40<br>വർദ്ധനവ് 20% (വർദ്ധനവ്)=144.48<br>ഇളവ്-43.35(IstFloor)<br>ആകെ =824 | അടിസ്ഥാന വസ്തു നികുതി 18.06 x50=903<br>വഴി സൗകര്യം 20% (വർദ്ധനവ്)=180.60<br>ഇളവ്-54.18<br>ആകെ =1029 | 205 |
| 11815 | III-327 F | 18.06 | അടിസ്ഥാന വസ്തു നികുതി 722.40<br>വർദ്ധനവ് 20% (വർദ്ധനവ്)=144.48<br>ഇളവ്-43.35(IstFloor)<br>ആകെ =824 | അടിസ്ഥാന വസ്തു നികുതി 18.06 x50=903<br>വഴി സൗകര്യം 20% (വർദ്ധനവ്)=180.60<br>ഇളവ്-54.18<br>ആകെ =1029 | 205 |
| ആകെ | | 102.45 | | | 1191 |

പേര്-തായലെ വളപ്പിൽ നാരായണൻ

ഫയൽ നം-A2-7257/16 12.08.2016

| ഡിമാന്റ് നം. | വാർഡ് നമ്പർ,കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീ | ഈടാക്കിയത്<br>@40 രൂപ | ഈടാക്കേണ്ടത്<br>@40 രൂപ | കുറവ് |
|---|---|---|---|---|---|
| 11914 | III-514 A | 24.18 | അടിസ്ഥാന വസ്തു നികുതി 968<br>വർദ്ധനവ് 20% (വർദ്ധനവ്)=193.40 | അടിസ്ഥാന വസ്തു നികുതി 24.18x50=1209<br>വഴി സൗകര്യം 20% | 241 |

| | | | | | |
|---|---|---|---|---|---|
| | | | ഇളവ്-193.40<br>ആകെ =968 | (വർദ്ധനവ് )=241.80<br>ഇളവ്-241.80<br>ആകെ =1209 | |
| 11915 | III-514 B | 14.56 | അടിസ്ഥാന വസ്തു നികുതി 583<br>വർദ്ധനവ് 20% (വർദ്ധനവ് )=116.60<br>ഇളവ്-116.60<br>ആകെ =583 | അടിസ്ഥാന വസ്തു നികുതി 14.56x50=728<br>വഴി സൗകര്യം 20% (വർദ്ധനവ് )=145.60<br>ഇളവ്-145.60<br>ആകെ =728 | 145 |
| 11916 | III-514 C | 14.56 | അടിസ്ഥാന വസ്തു നികുതി 583<br>വർദ്ധനവ് 20% (വർദ്ധനവ് )=116.60<br>ഇളവ്-116.60<br>ആകെ =583 | അടിസ്ഥാന വസ്തു നികുതി 14.56x50=728<br>വഴി സൗകര്യം 20% (വർദ്ധനവ് )=145.60<br>ഇളവ്-145.60<br>ആകെ =728 | 145 |
| 11917 | III-514 D | 14.56 | അടിസ്ഥാന വസ്തു നികുതി 583<br>വർദ്ധനവ് 20% (വർദ്ധനവ് )=116.60<br>ഇളവ്-116.60<br>ആകെ =583 | അടിസ്ഥാന വസ്തു നികുതി 14.56x50=728<br>വഴി സൗകര്യം 20% (വർദ്ധനവ് )=145.60<br>ഇളവ്-145.60<br>ആകെ =728 | 145 |
| 11918 | III-514 E | 49.2 | അടിസ്ഥാന വസ്തു നികുതി 1968<br>വർദ്ധനവ് 20% (വർദ്ധനവ് )=393.60<br>ഇളവ്-393.60<br>ആകെ =1968 | അടിസ്ഥാന വസ്തു നികുതി 49.2 x50=2451<br>വഴി സൗകര്യം 20% (വർദ്ധനവ് )=490.20<br>ഇളവ്-490.20<br>ആകെ =2451 | 483 |
| 11919 | III-514 F | 15.5 | അടിസ്ഥാന വസ്തു നികുതി 620<br>വർദ്ധനവ് 20% (വർദ്ധനവ് )=124 | അടിസ്ഥാന വസ്തു നികുതി 15.5 x50=775<br>വഴി സൗകര്യം 20% | 155 |

| | | | | | |
|---|---|---|---|---|---|
| | | | ഇളവ്-124<br>ആകെ =620 | (വർദ്ധനവ്)=124<br>ഇളവ്-124<br>ആകെ =775 | |
| 11920 | III-514 G | 15.5 | അടിസ്ഥാന വസ്തു നികുതി 620<br>വർദ്ധനവ് 20% (വർദ്ധനവ്)=124<br>ഇളവ്-124<br>ആകെ =620 | അടിസ്ഥാന വസ്തു നികുതി 15.5 x50=775<br>വഴി സൗകര്യം 20% (വർദ്ധനവ്)=124<br>ഇളവ്-124<br>ആകെ =775 | 155 |
| ആകെ | | 148.06 | | | 1469 |

പേര്-പാരപ്പള്ളിയിൽ ഷാജി ഏച്ചിലാംപാറ

ഫയൽ നം-A2-5786/16 07.09.2016

| ഡിമാന്റ് നം. | വാർഡ് നമ്പർ,കെട്ടിട നമ്പർ | വിസ്തീർണ്ണംച.മീ | ഈടാക്കിയത്<br>@40 രൂപ | ഈടാക്കേണ്ടത്<br>@40 രൂപ | കുറവ് |
|---|---|---|---|---|---|
| 12147 | XV-82B | 31.935 | അടിസ്ഥാന വസ്തു നികുതി 1277.40<br>വർദ്ധനവ് 20% (വർദ്ധനവ്)=255.48<br>ഇളവ്-127.74<br>ആകെ =1406 | അടിസ്ഥാന വസ്തു നികുതി 31.935x50=1596.75<br>വഴി സൗകര്യം 20% (വർദ്ധനവ്)=319.35<br>ഇളവ്-159.67<br>ആകെ =1756 | 350 |
| 12148 | XV-82C | 28.935 | അടിസ്ഥാന വസ്തു നികുതി 1157.40<br>വർദ്ധനവ് 20% (വർദ്ധനവ്)=231.48<br>ഇളവ്-115.74<br>ആകെ =1274 | അടിസ്ഥാന വസ്തു നികുതി 28.935x50=1446.75<br>വഴി സൗകര്യം 20% (വർദ്ധനവ്)=289.35<br>ഇളവ്-144.67<br>ആകെ =1591 | 317 |
| 12149 | XV-82D | 25.435 | അടിസ്ഥാന വസ്തു നികുതി 1017.40<br>വർദ്ധനവ് 20% (വർദ്ധനവ്)=203.48 | അടിസ്ഥാന വസ്തു നികുതി 25.435x50=1271.75<br>വഴി സൗകര്യം 20% (വർദ്ധനവ്)=254.35 | 279 |

| | | | | | |
|---|---|---|---|---|---|
| | | | ഇളവ്-101.74<br>ആകെ =1120 | ഇളവ്-127.13<br>ആകെ =1399 | |
| 12150 | XV-82E | 35.435 | അടിസ്ഥാന വസ്തു നികുതി 1417.4<br>വർദ്ധനവ് 20% (വർദ്ധനവ്)=283.46<br>ഇളവ്-141.74<br>ആകെ =1560 | അടിസ്ഥാന വസ്തു നികുതി 35.435x50=1771.75<br>വഴി സൗകര്യം 20% (വർദ്ധനവ്)=354.35<br>ഇളവ്-177.17<br>ആകെ =1949 | 389 |
| ആകെ | | 121.74ച.മീ. | | | 1335 |

കുറവു വന്ന തുക (2837+1191+1469+1335=6832രൂപ) ഈടാക്കി ബന്ധപ്പെട്ട രേഖകളിൽ മാറ്റം വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.തുടർ നഷ്ടം ഉണ്ടാകുമെന്നതിനാൽ വസ്തു നികുതി പരിഷ്ക്കരണം ആരംഭിച്ച തീയതി മുതലുള്ള ഇത്തരം കെട്ടിടങ്ങളുടെ നികുതി പരിശോധിക്കേണ്ടതും ഡിമാന്റിൽ മാറ്റം വരുത്തി നഷ്ടമായ തുക ഈടാക്കേണ്ടതുമാണ് .

## 2-2 ഡി& ഒ ട്രേഡ് ലൈസൻസ് വ്യാപാരികളുടേയും വ്യവസായികളുടേയും വാർഡ് തല പട്ടിക തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2,2-3,2-1(1).(2) എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഡി&ഒ ലൈസൻസ്, മറ്റ് അനുമതി പത്രങ്ങൾ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ച് പ്രദിപാദിച്ചിരുന്നു. ഇവയിൽ ചില സ്ഥാപനങ്ങൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ചത് ,കൂടാതെ നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷത്തിൽ VI-183 C,I-218A എന്നീകെട്ടിടങ്ങൾ പൌൾട്രി ഫാം നടത്തുന്നതിനാണ് നിർമിച്ചിരിക്കുന്നത് ,ഗ്രാമപഞ്ചായത്തിലെ വ്യാപര വ്യവസായികളേയും ലൈസൻസ് പരിധിയിൽ വരുത്തുന്നതിന് വേണ്ടി വാർഡ് തല ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 റോഡ് കട്ടിംഗ് ചാർജ്ജ്- യൂസർഫീസ് ഈടാക്കാത്തതും മറ്റ് അപാകങ്ങളും

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും മൊബൈൽ കമ്പനികൾക്ക് കേബിൾ ഇടുന്നതിനും ഗ്രാമപഞ്ചായത്ത് അനുമതി നല്കി വരുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ഉപയോഗിക്കുന്നതിനുള്ള യൂസർ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

റോഡ് കട്ടിംഗ് - റോഡ് റസ്റ്റോറേഷൻ ചാർജ്ജായി ഐഡിയ സെല്ലുലാർ ലിമിറ്റഡ് താഴെ പറയും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

പെരിങ്ങോം കോട്ടോൽ റോഡ് 500m 40250രൂപ

കെ പി നഗർ കരക്കാട് റോഡ് 4000m 322000രൂപ

പ്രസ്തുത തുക, റോഡ് റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച നിരക്ക് മാത്രമാണ്. സ്ഥാപനത്തിൽ നിന്ന് മീറ്ററിന് 50രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി ഈടാക്കാത്തതും വിവരസാങ്കേതിക വകുപ്പിൽ നിന്ന് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചതുമായി ബന്ധപ്പെട്ട

വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്താത്തതും അപാകമാണ്. വിവരസാങ്കേതിക വകുപ്പിൽ കിലോമീറ്ററിന് 75000രൂപ നിരക്കിൽ തുക ഒടുക്കി എഗ്രിമെന്റ് ഒപ്പിട്ട ശേഷം മാത്രമേ സ്വകാര്യ കമ്പനികൾക്ക് ഒഎഫ് സി സ്ഥാപിക്കുന്നതിനുള്ള ആർ ഒ ഡബ്ല്യു(Right of Way) അനുമതി ലഭിക്കുകയുള്ളൂ എന്നതിനാലും പ്രസ്തുത അനുമതിയില്ലാതെ ഈ ആവശ്യത്തിനായി റോഡ് മുറിക്കുന്നതിനുള്ള അനുമതി നല്കാവുന്നതല്ലെന്നതിനാലും നടപടിക്രമങ്ങളിൽ വീഴ്ച്ച വന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇതു സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് . (GO(MS)12/2012/ITD 07.08.12, GO(MS)39/2015/ITD 15.09.15, GO(MS)11/2017/ITD 30.05.17 ഇവ കാണുക).

കൂടാതെ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കേണ്ടത് MoRTH സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയാണെന്നും റോഡ് സൈഡ് ശരിയായ രീതിയിൽ അമർത്തി പൂർവ്വസ്ഥിതിയിലാക്കിയെന്ന സാങ്കേതിക വിഭാഗത്തിന്റെ സർട്ടിഫിക്കറ്റ് ഹാജരാകുന്ന മുറക്ക് മാത്രമേ ബാങ്ക് ഗ്യാരണ്ടി തിരികെ നല്കാവൂ എന്നും റോഡിന്റെ ഭാഗം ഉപയോഗിക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന് വാടക/ യൂസർചാർജ്ജ് നിശ്ചയിക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവുകളിൽ നിർദ്ദേശമുണ്ട്. എന്നാൽ ആയവ പാലിക്കപ്പെട്ടിട്ടില്ല. റസ്റ്റോറേഷൻ ചാർജ്ജ് നിശ്ചയിച്ചത് 2013 ലെ ചീഫ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് . (161/m2 for berm cutting) എന്നാൽ 2012 ലെ ഉത്തരവിൽ തന്നെ berm cutting ന് 248/m2 നിരക്കാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ റസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. നിലവിലുള്ള പൊതുമരാമത്ത് നിരക്കിന്റെ അടിസ്ഥാനത്തിലായിരുന്നു ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത്.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/16-17 18.08.17 ന് മറുപടിയായി വിവര സാങ്കേതിക വകുപ്പിന്റെ ഉത്തരവുകൾ ശ്രദ്ധയിൽ പെട്ടിരുന്നില്ലെന്നും ഇതു സംബന്ധിച്ച വകുപ്പുതല നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതും കുറവു വന്ന തുക കമ്പനികളിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫുൾടൈം സ്വീപ്പർ- ഗ്രേഡ് പ്രൊമോഷൻ കുടിശിക അധികം നല്കിയതും മറ്റ് അപാകങ്ങളും- 8007രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

| ക്രമനമ്പർ | വൗച്ചർ നമ്പർ /തീയതി | തുക |
|---|---|---|
| 1 | 21600400/18.08.16 | 23531രൂ |
| 2 | 21600364/4.08.16 | 32283രൂ |

1. 12.02.07 ന് ഫുൾ ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിച്ച ശ്രീ സാബു ടി എസ് 8 വർഷത്തെ സേവനം പൂർത്തിയാക്കിയതിനെ തുടർന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ-1/6772/16 തീയതി 11.08.16 നടപടിക്രമങ്ങൾ പ്രകാരം 13.02.2015 തീയതി പ്രാബല്യത്തിൽ ഒന്നാമത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. 13.02.15 മുതൽ 31.07.16 വരെയുള്ള കുടിശ്ശിക ക്രമനമ്പർ 1 പ്രകാരം നല്കിയിട്ടുണ്ട്. (2/16 വരെ പ്രീ റിവൈസ്ഡ് നിരക്കിലും അതിനു ശേഷം പുതുക്കിയ നിരക്കിലും.) ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ 2/2016 ൽ വാങ്ങിയ ശമ്പളം 22200 എന്ന് രേഖപ്പെടുത്തുന്നതിന് പകരം 21650 എന്ന് രേഖപ്പെടുത്തിയതിനാൽ കുടിശിക കണക്കാക്കിയതിൽ പിഴവ് വരാനും ടിയാന് അധിക തുക നല്കാനും ഇടയായിട്ടുണ്ട്.

അധികം നല്കിയ തുക

| മാസം | ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റിൽ നല്കിയതായി കാണിച്ച തുക(ഡ്രോൺ) | നല്കിയ തുക | അധികം നല്കിയത് |
|---|---|---|---|
| 2/16 | 21650+9% DA=23599 | 22200+9%=24198 | 599 |
| 3/16 | 21650+9% DA=23599 | 22200+9%=24198 | 599 |
| 4/16 | 21650+9% DA=23599 | 22200+9%=24198 | 599 |
| 5/16 | 21650+9% DA=23599 | 22200+9%=24198 | 599 |
| 6/16 | 21650+9% DA=23599 | 22200+9%=24198 | 599 |
| 7/16 | 21650+9% DA=23599 | 22200+9%=24198 | 599 |
| സറണ്ടർ ലീവ് സാലറി4/16 | 21650+9% DA=23599 | 22200+9%=24198 | 599 |
| | | ആകെ | 4193രൂ |

2.ശ്രീമതി പാത്തുമ്മ.സി,ശ്രീമതി.മിനി എം ജെ എന്നി ഫുൾടൈം സ്വീപ്പർമാരുടെ സമയ ബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ യഥാക്രമം 01.07.15,16.07.15 തീയതി പ്രാബല്യത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.0.16 ലെ ഇ-1/5449/16,ഇ-1/5448/16 നമ്പർ ഉത്തരവുകൾ) ഇവരുടെ കുടിശിക കണക്കാക്കുമ്പോൾ ജൂലൈ മാസം 23400+2106+1000=26506 രൂപ വാങ്ങിയതായി കാണിക്കുന്നതിനു പകരം 21650 രൂപ വാങ്ങിയതായി കാണിച്ചതിനാൽ 1907 രൂപ വീതം അധികം നല്കാനിടയായിട്ടുണ്ട്.

ഉത്തരവു വന്ന മാസം തന്നെ(7/16) അധിക നിരക്കിൽ ശമ്പളം നല്കുകയും ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റിൽ പഴയ നിരക്ക് കാണിക്കുകയും ചെയ്തതിനാലാണ് ഇപ്രകാരം അധിക തുക നല്കാനിടയായത്.

അധികം നല്കിയ തുക

| മാസം | പേര് | ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റിൽ നല്കിയതായി കാണിച്ച തുക(ഡ്രോൺ) | നല്കിയ തുക | അധികം നല്കിയത് |
|---|---|---|---|---|
| 7/16 | പാത്തുമ്മ സി | 21650+9% DA=23599 | 23400+9%=25506 | 1907 |

| | | | | |
|---|---|---|---|---|
| 7/16 | മിനി എം ജെ | 21650+9% DA=23599 | 23400+9%=25506 | 1907 |
| | | | ആകെ | 3814രൂ |

ആകെ അധികം നല്കിയ തുക = 4193+3814=8007രൂപ .

അധികം നല്കിയ തുക തിരിച്ചടക്കേണ്ടതാണ്.

## 3-2 ഡി ബി ടി വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ - വിതരണം നിരീക്ഷിക്കപ്പെടുന്നില്ല

പെരിങ്ങോം, പൊന്നമ്പാറ, പാടിയോട്ടുചാൽ സർവ്വീസ് സഹകരണ ബാങ്കുകൾ വഴിയും സിണ്ടിക്കേറ്റ് ബാങ്ക് -പെരിങ്ങോം, കേരള ഗ്രാമീൺ ബാങ്ക്-പാടിയോട്ടുചാൽ, എസ് ബി ഐ – ചെറുപുഴ എന്നീ ബാങ്കുകൾ വഴിയാണ് ഗ്രാമപഞ്ചായത്തിലെ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തു വരുന്നത്. വിതരണം ചെയ്യാതെ ഡി ബി ടി തിരിച്ചടക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കുന്നില്ല. തുക ഡി ബി ടി സെല്ലിലേക്ക് തിരിച്ച് പോകുന്നുണ്ടോ എന്നതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബാങ്കുകളിൽ നിന്ന് വാങ്ങി സൂക്ഷിക്കാവുന്നതാണ്.

പെൻഷണർമാരിൽ നിന്ന് ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നതിന് നിർദ്ദേശമില്ലാത്തതിനാൽ പെൻഷണർമാർ മരണമടയുന്ന സംഗതികളിൽ ക്ലെയിം സസ്പെന്റ് ചെയ്യുന്ന തീയതി കൃത്യമാകാൻ സാധ്യതയില്ല. പെൻഷണർമാർ മരണമടയുന്ന സംഗതികളിൽ യഥാസമയം റിപ്പോർട്ട് ചെയ്യാൻ ഫീൽഡ് സ്റ്റാഫിന് നിർദ്ദേശം നല്കാവുന്നതും ബന്ധപ്പെട്ട വാർഡ് മെമ്പർമാർക്ക് അതാത് വാർഡുകളിലെ ലിസ്റ്റ് നല്കി ഗ്രാമസഭാ യോഗങ്ങളിൽ പ്രസ്തുത വിഷയം അജണ്ടയായി ഉൾപ്പെടുത്തി റിപ്പോർട്ട് ശേഖരിക്കാവുന്നതുമാണ്.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം മരണമടഞ്ഞ ഗുണഭോക്താക്കളുടെ ലിസ്റ്റ് നല്കിയിട്ടുണ്ടെങ്കിലും മരണമടഞ്ഞ തീയതി ലഭ്യമല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നു തന്നെ ക്ലെയിം സസ്പെന്റ് ചെയ്ത തീയതി കൃത്യമല്ല എന്ന് വ്യക്തമാണ്.

പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ മോണിറ്റർ ചെയ്യപ്പെടേണ്ടുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 തെരുവുവിളക്ക് റിപ്പയർ - സ്റ്റോക്ക് രജിസ്റ്റർ , റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല-110388രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 125/16,81/17

അടങ്കൽ 350000(തനത് ഫണ്ട്)

ചെലവ്

2015-16 53102(ക്രൂസ്)

2016-17 44238(ക്രൂസ്) ഡി ഡി നമ്പർ 950715/10.05.16

44238(ക്രൂസ്) ഡി ഡി നമ്പർ 950748/10.06.16

21912(ക്രൂസ്)ഡി ഡി നമ്പർ 745948/13.12.16

15120(വാഹന വാടക)

32625(കൂലി)

ആകെ 211235രൂ

പഞ്ചായത്ത് ഡയറക്ടറുടെ17.08.15 ലെ ജി 2-44274 നമ്പർ നടപടിക്രമങ്ങൾ പ്രകാരം തെരുവു വിളക്കുകൾ റിപ്പയർ ചെയ്യാനായി പുതിയ സാധനങ്ങൾ ഇഷ്യൂ ചെയ്യുന്ന മുറക്ക് പഴയ സാധനങ്ങൾ തിരിച്ചേൽപ്പിക്കേണ്ടതും വാർഷിക സ്റ്റോക്ക് ഇൻ & സ്റ്റോക്ക് ഔട്ട് റിപ്പോർട്ട് പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകൾ റിപ്പയർ ചെയ്യാനായി പുതിയ സാധനങ്ങൾ ഇഷ്യൂ ചെയ്യുന്ന മുറക്ക് തിരിച്ചേൽപ്പിക്കുന്ന പഴയ സാധനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.വാർഷിക സ്റ്റോക്ക് ഇൻ & സ്റ്റോക്ക് ഔട്ട് റിപ്പോർട്ട് പൊരുത്തപ്പെടുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ ഓഡിറ്റ് വർഷം സാധനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 110388രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-4 ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്തവർ തിരികെ നല്കുന്നില്ല- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുക്കുന്ന മെമ്പർ ഇവ അനുവദനീയമായതിലും കൂടുതൽ സമയം കയ്യിൽ വയ്ക്കുന്നതായും തിരിച്ച് നല്കാതിരിക്കുന്നതായും കാണുന്നു. ലൈബ്രറിയുടെ ബൈലോ (കെ-ഡിസ്-31992/67 റഫ.88/67) ഖണ്ഡിക 25 പ്രകാരം ആയുഷ്കാല അംഗത്തിന് ഒരു മാസവും മറ്റ് അംഗങ്ങൾക്ക് 15 ദിവസവുമാണ് പുസ്തകങ്ങൾ കൈയിൽ വയ്ക്കാവുന്ന പരമാവധി സമയം. എന്നാൽ പല മെമ്പർമാരും ഇവ പാലിക്കുന്നില്ല.വർഷങ്ങൾക്ക് മുമ്പ് നല്കിയ പുസ്തകങ്ങൾ പോലും തിരികെ ലഭിക്കാനുണ്ട്.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മെമ്പറുടെ പേര് | പുസ്തക നമ്പർ | പുസ്തകത്തിന്റെ പേര് | പുസ്തകത്തിന്റെ വില | ലൈബ്രറിയിൽ നിന്നും എടുത്ത തീയ്യതി |
|---|---|---|---|---|---|
| 1 | മോണിഷ്.ടി.വി. | 2256 | അപരാഹ്നം | 33 | 16.01.09 |
| | | 2603 | ഭൂമിക്കൊരു ചരമഗീതം | 32 | |
| 2 | റംസീന.സി.എ. | 4008 | ഇന്ദുലേഖ | 58 | 26.09.09 |
| | | 3394 | കടലോരം | 65 | |
| 3 | റംസീന.എം.എം. | 5628 | ജീവിതാനുഭവങ്ങൾ | 80 | 12.12.11 |

| | | | | | |
|---|---|---|---|---|---|
| 4 | ആയിഷാബി.വി.പി. | 5818 | ബർസ | 110 | 29.5.12 |
| | | 3234 | അസുരവിത്ത് | 85 | |
| 5 | സുരേഷ്.പി.കെ | 3500 | ലോകാവസാനം | 150 | 21.6.13 |
| | | 827 | കേരളത്തിന്റെ വീരപുത്രൻ | 6 | |

പുസ്തകങ്ങൾ യഥാസമയം തിരികെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 മഴക്കാല പൂർവ്വ ശുചീകരണ പരിപാടി- നിർദ്ദിഷ്ട സമയപരിധിക്കകം ചെലവു നടത്തിയില്ല- 141400 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ

ചെക്ക് നം./ തീയതി :ലഭ്യമാക്കിയില്ല /22.8.16 160000രൂ

സർക്കുലർ നമ്പർ 201/ഡി.ഡി.1/16 ത.സ്വ.ഭ.വ.1.4.16 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പരിപാടിക്കായി ലഭിക്കുന്ന തുക ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലാണ് ചെലവഴിക്കേണ്ടത്.ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 208/16 തീ.24.5.16 തീരുമാന പ്രകാരം 23.05.16 ലെ സ ഉ (സാധാ) നമ്പർ 17724/16 /തസ്വഭവ ഉത്തരവു പ്രകാരം മഴക്കാല പൂർവ്വശുചീകരണത്തിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്ന് വഹിക്കാനും ശുചിത്വമിഷൻ വിഹിതം ലഭിക്കുന്ന മുറക്ക് തിരികെ തനത് ഫണ്ടിലേക്ക് തിരിച്ചടക്കാനും തീരുമാനിച്ചിരുന്നു.എന്നാൽ 16 വാർഡുകളുടെ ചെലവ് കണക്ക് ലഭ്യമായതിൽ ആകെ 18600രൂപ മാത്രമാണ് ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ചെലവഴിച്ചത്.ബാക്കി 141400 രൂപയുടെ ചെലവുകൾ മുഴുവനും ഇതിനു ശേഷം നടന്നവയാണ്. സർക്കാർ നിർദ്ദേശവും ഭരണ സമിതി തീരുമാനവും ലംഘിക്കപ്പെട്ടതിനാൽ ജൂൺ മാസത്തിനു ശേഷം ചെലവഴിച്ച 141400 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

മഴക്കാലം തുടങ്ങിയ ശേഷം ചെലവ് ചെയ്യുമ്പോൾ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയില്ല എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

## 3-6 സാന്ത്വന പരിചരണപരിപാടി- മാർഗ്ഗരേഖാ വിരുദ്ധമായി ചെലവു നടത്തുകയും ചെലവുരേഖകൾ ഹാജരാക്കാതിരിക്കുകയും ചെയ്തതിനാൽ 109703 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ

പ്രൊജക്ട് നമ്പർ : 136/17

പ്രൊജക്ടിന്റെ പേര് :സാന്ത്വന പരിചരണം

അടങ്കൽ : 159783രൂപ (ജില്ലാപഞ്ചായത്ത് വിഹിതം-100000 ബ്ലോക്ക്പഞ്ചായത്ത് വിഹിതം-59783)

ചെലവ്

വൌച്ചർ നം./ തീയതി :21600118/3.5.16 109783രൂ (സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് നല്കിയത്)

മേൽ തുക 6.5.16 ന് ചെലവഴിച്ചതായി കേഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഇതിൽ 58180 രൂപ മരുന്നു വാങ്ങുന്നതിനായി അൽ-അമീൻ സർജിക്കൽസ് പയ്യന്നൂരിന് നല്കിയതായും ബാക്കി തുകകൾ മറ്റ് ആവർത്തന ചെലവുകൾക്കായി ഉപയോഗിച്ചതായും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

പാലിയേറ്റീവ് പരിചരണപദ്ധതി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖ പ്രകാരം(സഉ(ആർടി) 3217/2015 29.10.15 ഖണ്ഡിക 2.10.6) പാലിയേറ്റീവ് കെയർ പദ്ധതിക്കായി സ്പിൽ ഓവർപദ്ധതി അനുവദനീയമല്ല. ഓരോ വർഷത്തേക്കും ആവശ്യമായ തുക അതാത് വർഷത്തെ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തേണ്ടതും ഒരു വർഷം ഈ ആവശ്യത്തിനായി ഒന്നിൽ കൂടുതൽ പദ്ധതി ഉണ്ടാകാൻ പാടില്ലാത്തതുമാണ്. ഒരു വർഷത്തെ പ്രോജക്ട് അവസാനിച്ചാൽ തുക ബാക്കിയുണ്ടെങ്കിലും പ്രോജക്ട് അവസാനിപ്പിക്കേണ്ടതാണ്.അതു കൊണ്ടുതന്നെ സ്പിൽ ഓവർ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവു പത്രികയിൽ ചെലവു രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ചെലവ് രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ പരിശോധനക്കായി ഹാജരാക്കാത്തതിനാലും മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതിനാലും 109783രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 6/2016-17 തീയ്യതി :19.08.2017 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

## 3-7 മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കിയിട്ടില്ല -80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-വെറ്റിനറി സർജ്ജൻ

കറവ പശുവിതരണം(എസ്.സി)

അടങ്കൽ-100000(വി.ഫ.ജനറൽ)

ബിൽനം.03/16-17 തീ.27.03.2017 100000 രൂപ

5 ഗുണഭോക്താക്കൾക്ക് കറവ പശു വാങ്ങിയതിനു വേണ്ടി 20000 രൂപ വീതം നൽകിയിട്ടുണ്ട് ഇതിൽ ഒരു ഗുണഭോക്താവ് വാങ്ങിയ പശുവിന്റെ ഉടമസ്ഥന് മാത്രമാണ് പണം ബാങ്ക് അക്കൗണ്ട് മുഖേനെ നൽകിയിട്ടുള്ളത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(എംസ്)4/2016 തസ്വഭവ.തീ.11.01.2016 ഖണ്ഡിക 3.2 കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത് എന്നാൽ തുകകൾ നൽകിയിരിക്കുന്നത് ബാക്ക്എൻഡ് സബ്സിഡിയായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് 9/2016-17 തീയ്യതി 21.08.2017 നൽകിയതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി നൽകിയതിനാൽ 80000 രൂപയുടെചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 യുവജനങ്ങൾക്ക് കായിക പരിശീലന പരിപാടി നടപ്പാക്കൽ-മാർഗ രേഖ നിർദ്ദേശം പാലിച്ചില്ല.

ബിൽ നം./ തീയതി :4/28.3.17 75000രൂ

മേൽ തുക ചെലവഴിച്ച് 30 യുവജനങ്ങൾക്ക് 30ദിവസം വീതം തണ്ടനാട്ട് പൊയിലിൽ വച്ച് ഫുട്ബോൾ പരിശീലനവും വള്ളിപ്പിലാവിൽ വച്ച് വോളിബോൾ പരിശീലനവും നല്കി.എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ അനുബന്ധം 15ഖ.7.10 (സ.ഉ.(എം.എസ്.)4/2016 ത.സ്വ.ഭ.വ. തീ.11.1.16) പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമേ ഗ്രാമപഞ്ചായത്തുകൾ പരിശീലന പരിപാടികൾ ഏറ്റെടുക്കാവൂ. മേൽ നിർദ്ദേശം പാലിക്കാതെ ഇത്തരത്തിൽ ഒരു പരിശീലന പരിപാടി ഏറ്റെടുത്തത് സംബന്ധിച്ച് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 8/2016-17 തീയ്യതി :19.08.2017 നല്കിയതിന് മറുപടിയായി ഇത്തരം പരിശീലനം നല്കുന്നത് വഴി യുവജനങ്ങൾക്ക് കായിക ക്ഷമത വർദ്ധിക്കുകയും അതു വഴി പോലീസ്,ഫയർ ഫോഴ്സ് പോലെ കായിക ക്ഷമത ആവശ്യമുള്ള ജോലികളിലേക്കുള്ള കായിക ക്ഷമത പരീക്ഷയ്ക്ക് ഗുണകരമാവുകയും ചെയ്യും എന്നും ആയതിനാൽ നടപ്പാക്കിയതാണ് എന്നും അറിയിച്ചു.ആയത് അംഗീകരിക്കാൻ കഴിയില്ല.ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗരേഖനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-9 ചേമന കുറ്റൂർ വട്ടയാട് റോഡ് ടാറിംഗ്- കൺവീനറുടെ ചെലവു രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും-483995രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

| ക്രമനമ്പർ | വൗച്ചർ നമ്പർ /തീയതി | തുക |
|---|---|---|
| 1 | 21600142/11.05.16 | 4583രൂ |
| 2 | 21600140/11.05.16 | 27504രൂ |
| 3 | 21600141/11.05.16 | 9168രൂ |
| 4 | 21600139/11.05.16 | 442740രൂ |
| | ആകെ | 483995രൂപ |

കൺവീനർ ശ്രീ പി ടി ഗോവിന്ദൻ

അടങ്കൽ 500000രൂ(എം പി ഫണ്ട്)

എം ബുക്ക് നമ്പർ 8/15-16

റീച്ച് 1/183 മുതൽ 1/008 വരെ

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1. കൺവീനറുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല(ബിറ്റുമിൻ വാങ്ങിയതുമായി ബന്ധപ്പെട്ട ബിൽ ഉൾപ്പെടെ).

ഗുണഭോക്തൃസമിതി പ്രവൃത്തി പുരോഗതി വിലയിരുത്തുകയോ വരവു ചെലവു കണക്കുകൾ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

2. ഗുണഭോക്തൃസമിതിയുടെ പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല.

3. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

4. ആകെ പ്രവൃത്തിമൂല്യം 458395രൂപയും 5ശതമാനം മൂല്യവർധിത നികുതിയും 1 ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഉൾപ്പെടെ 486995രൂപയാണ് എം പി ഫണ്ടായി

അനുവദിക്കപ്പെട്ടത്. എന്നാൽ ബില്ലിൽ നിന്ന് കുറവു ചെയ്തത് 6ശതമാനം മൂല്യവർധിത നികുതിയും 1 ശതമാനം തൊഴിലാളി ക്ഷേമനിധി വിഹിതവുമാണ്. ആയതിനാൽ കൺവീനർക്ക് നല്കിയതിൽ 4583രൂപയുടെ കുറവുണ്ടായിട്ടുണ്ട്. (മൂല്യവർധിത നികുതിയിനത്തിൽ അത്രയും തുക അധികമായി ഒടുക്കി)

5.പ്രവൃത്തിക്കുവേണ്ടി 10 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചതായി (1603.35കി ഗ്രാം) ബില്ലിൽഎം എ എസ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 8 ബാരൽ ബിറ്റുമിന്റെ വിലമാത്രമാണ് ബില്ലിൽ നിന്ന് കുറവു ചെയ്തിട്ടുള്ളത് .

ഗുണഭോക്തൃസമിതിയുടെ ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ 483995രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-10 ഭൂനികുതി ഒടുക്കാത്തത്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾക്ക് വില്ലേജ് ഓഫീസിൽ ഓഡിറ്റ് വർഷം ഭൂനികുതി ഒടുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ബേസിക്ക്ടാക്സ് ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 കക്കൂസ് നിർമ്മാണം- വിവിധ അപാകങ്ങൾ-42,60,200രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗാർഹിക കക്കൂസ് നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾക്ക് ശ്രദ്ധയിൽ പെട്ടു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | അപാകങ്ങൾ |
|---|---|---|---|---|---|
| 1 | 27/17 | ഗാർഹിക കക്കൂസ് നിർമ്മാണം | 2310000<br>ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 2310000<br>(ബിൽ നമ്പർ<br>10/16-17<br>17.01.17) | ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല<br>മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട്, കംപ്ലീഷൻ റിപ്പോർട്ട് ഇവ ഹാജരാക്കി യിട്ടില്ല |
| 2 | 133/17 | കക്കൂസ് നിർമ്മാണം- | 401000<br>ധനകാര്യ | 401000<br>(ബിൽ നമ്പർ | ഭരണസമിതി അംഗീകരിച്ച |

| | | | | | |
|---|---|---|---|---|---|
| | | ജനറൽ | കമ്മീഷൻ അവാർഡ് | 2/16-17,28.09.16 324000& 5/16-17,15.12.16 77000) | ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല |
| 3 | 149/17 | സമ്പൂർണ്ണ കക്കൂസ് നിർമ്മാണം | 1540000 ധനകാര്യ കമ്മീഷൻ അവാർഡ് | 1540000 (ബിൽ നമ്പർ 14/16-17 24.03.17) | തുക നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മാറ്റിയതാണ്. ബാങ്കിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് , ഗുണഭോക്താക്കളിൽ നിന്നുള്ള കൈപ്പറ്റ് രശീതി ഇവ ഹാജരാക്കേണ്ട താണ് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല |
| 4 | 150/17 | കക്കൂസ് നിർമ്മാണം-ജനറൽ | 9200 ധനകാര്യ കമ്മീഷൻ അവാർഡ് | 9200 (ബിൽ നമ്പർ 18/16-17 30.03.17) | 2013-14 ലെ പദ്ധതി 2014-15 ൽ പൂർത്തിയായതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുക നല്കാൻ കാലതാമസം വന്നതിന്റെ കാരണവും ആദ്യഗഡു നല്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | ആകെ | 42,60,200രൂപ | |

ഭരണ സമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കാതിരുന്നതിനാലും ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി വിലയിരുത്തിയിട്ടില്ലാത്തതിനാലും ചെലവഴിച്ച തുക തടസത്തിൽ വെക്കുന്നു. ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റ് സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനപ്രകാരമുള്ളതിന്റെ പകർപ്പാണ്.(സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി മിനുട്സിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ഹാജരാക്കിയ ലിസ്ററിൽ നിരവധി തിരുത്തലുകൾ ഉള്ളതിനാൽ അന്തിമ ലിസ്റ്റായി പരിഗണിക്കാൻ കഴിയില്ല.

## 3-12 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധനാ വിധേയമാക്കി. കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ മെമ്പർമാർ വെറുതെ ഒപ്പുവയ്ക്കുന്നതല്ലാതെ വർക്കിംഗ് ഗ്രൂപ്പ് ചേർന്ന തീയതി, അജണ്ട, ചർച്ച, തീരുമാനങ്ങൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ജയപരാജയങ്ങൾ വിലയിരുത്തി മോണിറ്ററിംഗ് നടത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രസ്തുത ഉത്തരവാദിത്തവും നിറവേറ്റപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമാക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ഡ്രൈവിംഗ് പരിശീലനം നല്കിയത്- മാർഗരേഖനിർദ്ദേശങ്ങൾ പാലിച്ചില്ല- 40000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ 132/17

അടങ്കൽ 40000രൂ (വികസനഫണ്ട്)

ചെലവ്

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 15/16-17 | 27.03.17 | 40000 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു

1.ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല

2. സ ഉ (എം എസ്) 4/2016/തസ്വഭവ തീയതി 11.01.16 ഉത്തരവ് അനുബന്ധം 15,ഖണ്ഡിക 7.10 പ്രകാരം പരിശീലന പരിപാടികൾ 50000രൂപ വരുമാന പരിധിക്ക് വിധേയമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും അല്ലാത്തവർക്കും മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഗുണഭോക്തൃവിഹിതം ഉണ്ടായിരിക്കേണ്ടതാണ്.

3. ഡ്രൈവിംഗ് പരിശീലന പരിപാടി ഏറ്റെടുത്തതിന്റെ അടിസ്ഥാനം വ്യക്തമാക്കപ്പെട്ടിട്ടില്ല.

4. തൊഴിൽ പരിശീലനത്തിനാണ് പദ്ധതി തയ്യാറാക്കുന്നതെങ്കിൽ പരിശീലനച്ചെലവിന്റെ 10ശതമാനം പരിശീലനാർത്ഥി വഹിക്കേണ്ടതും ആയത് പരിശീലനത്തിന് മുമ്പ് പണമായി തദ്ദേശഭരണ സ്ഥാപനത്തിൽ അടക്കേണ്ടതുമാണ്.(ഖണ്ഡിക 11.5(4)). ആയതും പാലിക്കപ്പെട്ടിട്ടില്ല

5.ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മാനദണ്ഡങ്ങൾ പാലിക്കാതെ ചെലവഴിച്ച 40000രൂപ തടസത്തിൽ വെക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/23.8.17-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 ഇ എം എസ് ഭവന നിർമ്മാണം - തുടർ ഗഡുക്കൾ നല്കൽ– രേഖകൾ പൂർണ്ണമല്ല- 30000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ 129/17

അടങ്കൽ 162500(വികസന ഫണ്ട്)

ചെലവ്

ബിൽ നമ്പർ/തീയ്യതി

8/15.12.16 - 22500

20/30.03.17 - 7500

ആകെ 30000രൂ

ആദ്യഗഡുക്കൾ നല്കിയ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.അവസാന ഗഡുവായി 7500 രൂപ വീതം കൈപ്പറ്റിയ ശ്രീ പറൂക്കാരൻ ലക്ഷ്മണൻ, ശ്രീമതി സാറ വേലുങ്കൽ, ശ്രീ തിടിൽ ചന്ദ്രൻ എന്നിവർ ഇതിനു മുമ്പ് എത്ര തുക കൈപ്പറ്റിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. രേഖകൾ പരിശോധിച്ച് അവസാന ഗഡു രണ്ടു തവണ നല്കിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-15 കിണർ ആൾമറ നിർമ്മാണം - രേഖകൾ ഹാജരാക്കിയില്ല- 32000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ 131/17

അടങ്കൽ 32000(തനത് ഫണ്ട്)

ചെലവ് 32000രൂപ

ഓഡിറ്റ് വർഷം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആൾമറ നിർമ്മാണത്തിനായി 32000 രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | തുക |
|---|---|---|
| 01 | അമ്മാളു പി.വി. | 5000 |
| 02 | അബൂബക്കർ | 5000 |
| 03 | ബാബു സി.പി. | 5000 |
| 04 | ആർ. നാരായണി | 5000 |
| 05 | അഗസ്റ്റിൻ കെ.സി. | 5000 |
| 06 | രാമൻ നായർ എ | 5000 |

| | | |
|---|---|---|
| 7 | സൈനബ പി. | 2000 |
| ആകെ | | 32000 |

ഗുണഭോക്തൃലിസ്റ്റ് , ഗുണഭോക്തൃരജിസ്റ്റർ, മുൻഗഡുക്കൾ നല്കിയതുമായി ബന്ധപ്പെട്ട രേഖകൾ, വൗച്ചർ, ഫയൽ ഇവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക തടസത്തിൽ വെക്കുന്നു.(ബന്ധപ്പെട്ട ഫയലും വൗച്ചറും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് രജിസ്റ്ററിൽ നിന്ന് ലഭ്യമായ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്)

## 3-16 വി ഇ ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകൾ പൂർണ്ണമല്ല

വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ രേഖകൾ യഥാവിധി സൂക്ഷിക്കുന്നതിൽ വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല സബ്സിഡി തുക ഗഡുക്കളായി അനുവദിക്കുന്നത്. സ്റ്റേറ്റ്മെന്റിന്റെ മുഴുവൻ ഭാഗവും പൂർത്തിയാക്കുകയോ തുക രേഖപ്പെടുത്തുകയോ ചെയ്യാതെ ഗുണഭോക്താവ് ഒപ്പിട്ട് നല്കുകമാത്രമാണ് ചെയ്യുന്നത്

2.ഓരോ വർഷത്തെയും പദ്ധതികളുടെ ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തുന്ന ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കളുടെ വിവരങ്ങൾ തന്നെ വ്യത്യസ്ത രജിസ്റ്ററുകളിലായാണ് രേഖപ്പെടുത്തിയത്. കക്കൂസ് നിർമ്മാണ പദ്ധതിക്ക് ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വ്യക്തിഗത ഗുണഭോക്താക്കളുടെ എണ്ണം വളരെ കൂടുതലായതിനാലും ഓഡിറ്റ് വർഷം ഒരു വി ഇ ഒ മാത്രം ഉണ്ടായിരുന്നതിനാലുമാണ് രജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കാൻ കഴിയാതെ വന്നതെന്ന് വി ഇ ഒ അറിയിക്കുകയുണ്ടായി. രേഖകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 കുടുംബശ്രീ വനിതാ ഹോട്ടൽ യൂനിറ്റിന് ധനസഹായം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല-100000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ 152/17

അടങ്കൽ 200000(100000-വികസനഫണ്ട്,100000 – ബാങ്ക് വായ്പ)

ചെലവ് 100000രൂപ (ബിൽ നമ്പർ 19/30.03.17)

നന്മ വനിതാ ഗ്രൂപ്പിന് മേൽപ്പറഞ്ഞ പ്രകാരം തുക നല്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1. പന്ത്രണ്ടാംപദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖപ്രകാരം (അനുബന്ധം 15,3-7(2)) പ്രകാരം ബാക്ക് എൻഡ് സബ്സിഡിയായി വായ്പാ അക്കൌണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ വായ്പ ലഭിക്കുന്നതിന് മുമ്പ് തുക കൈമാറി. ഇപ്രകാരം വികസന ഫണ്ട് മുൻകൂട്ടി പിൻവലിച്ചതിന് വിശദീകരണം ആവശ്യമാണ്

2.ഖണ്ഡിക 11.4 (5-ബി,സി,ഡി,ഇ,എഫ്) ഇവ പ്രകാരം സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന ഗ്രൂപ്പ് സംരംഭത്തെക്കുറിച്ചുള്ള വിവരണവും അപേക്ഷയും സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ബാങ്ക് വായ്പയ്ക്കായി അപേക്ഷിച്ച് വായ്പ ലഭിക്കുന്ന മുറക്ക് സംരംഭം തുടങ്ങേണ്ടതുമാണ്.

സംരംഭം ആറുമാസം മുടക്കം വരാതെ പ്രവർത്തിക്കുകയും ആറുമാസത്തിനു ശേഷം ലാഭകരമായിരിക്കുകയും ചെയ്താൽ അക്കാര്യങ്ങൾ വിശദമാക്കിക്കൊണ്ടുള്ള ഒരു കുറിപ്പും ധനസഹായത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും സംരംഭം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന അയൽസഭയുടെ ശുപാർശയോടെയും ഗ്രാമസഭാ അംഗീകാരത്തോടെയും അർഹമായ സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നല്കാവുന്നതാണ്.

എന്നാൽ സംരംഭം തുടങ്ങുന്നതിന് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് എഗ്രിമെന്റ് വച്ചത് 15.07.17 ന മാത്രമാണ്.

സംരംഭം ആരംഭിക്കുന്നതിന് വളരെ മുമ്പ് തന്നെ സബ്സിഡി പൊന്നമ്പാറ സർവ്വീസ് സഹകരണ ബാങ്കിന് നല്കിയത് ശരിയായ നടപടിയല്ല.

മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കാതെ വികസന ഫണ്ട് മുൻകൂട്ടി പിൻവലിച്ചതിനാലും ഗ്രൂപ്പ് അംഗങ്ങളുടെ വിശദവിവരങ്ങളും വരുമാനം തെളിയിക്കുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കാത്തതിനാലും ചെലവഴിച്ച തുക തടസത്തിൽ വെക്കുന്നു.

## 3-18 കുടുംബശ്രീ സിഡിഎസ് മുഖേന സ്റ്റീൽ പാത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം- അപാകങ്ങൾ-120000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ 152/17

അടങ്കൽ 272500(120000-വികസനഫണ്ട്,152500 – ബാങ്ക് വായ്പ)

ചെലവ് 120000രൂപ (ബിൽ നമ്പർ 23/30.03.17)

സി ഡി എസ് അക്കൗണ്ടിലേക്ക് മേൽപ്പറഞ്ഞ പ്രകാരം തുക നല്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1. പന്ത്രണ്ടാംപദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖപ്രകാരം (അനുബന്ധം 15,3-7(2)) പ്രകാരം ബാക്ക് എൻഡ് സബ്സിഡിയായി വായ്പാ അക്കൌണ്ടിലേക്കാണ് തുക നൽകേണ്ടത്.

2.ഖണ്ഡിക 11.4 (5-ബി,സി,ഡി,ഇ,എഫ്) ഇവ പ്രകാരം സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന ഗ്രൂപ്പ് സംരംഭത്തെക്കുറിച്ചുള്ള വിവരണവും അപേക്ഷയും സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ബാങ്ക് വായ്പയ്ക്കായി അപേക്ഷിച്ച് വായ്പ ലഭിക്കുന്ന മുറക്ക് സംരംഭം തുടങ്ങേണ്ടതുമാണ്.

സംരംഭം ആറുമാസം മുടക്കം വരാതെ പ്രവർത്തിക്കുകയും ആറുമാസത്തിനു ശേഷം ലാഭകരമായിരിക്കുകയും ചെയ്താൽ അക്കാര്യങ്ങൾ വിശദമാക്കിക്കൊണ്ടുള്ള ഒരു കുറിപ്പും ധനസഹായത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും സംരംഭം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന അയൽസഭയുടെ ശുപാർശയോടെയും ഗ്രാമസഭാ അംഗീകാരത്തോടെയും അർഹമായ സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നല്കാവുന്നതാണ്.

എന്നാൽ മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്തത്.

ഓരോ വാർഡിലേയും സിഡിഎസ് പ്രസിഡണ്ട്/സെക്രട്ടറി , അല്ലെങ്കിൽ കുടുംബശ്രീ ഗ്രൂപ്പുകൾക്കാണ് സബ്സിഡി നല്കിയിട്ടുള്ളത്.

സ്വയം തൊഴിൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പാലിക്കാത്തതിനാലും സ്റ്റീൽപാത്രങ്ങൾ വാങ്ങി നല്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ലാത്തതിനാലും ചെലവഴിച്ച തുക തടസത്തിൽ വെക്കുന്നു.

പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം എന്ന സദുദ്ദേശത്തോടെയാണ് ചെയ്തതെന്ന് പ്രസിഡണ്ട് വിശദീകരിക്കുകയുണ്ടായി. എന്നിരുന്നാലും മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതായിരുന്നു

## 3-19 പൊതുമരാമത്ത് പ്രവൃത്തികൾക്കു വേണ്ടി ബിറ്റുമിൻ ,ബിറ്റുമിൻ ഇമൽഷൻ വാങ്ങൽ- അധികം നല്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തെ റോഡ് ടാറിംഗ് പ്രവൃത്തികൾക്കു വേണ്ടി അസിസ്റ്റന്റ് എഞ്ചിനീ യർ തയ്യാറാക്കിയ ആവശ്യകതാ സ്റ്റേറ്റ് മെന്റ് പ്രകാരം താഴെ പറയും പ്രകാരം 402 ബാരൽ ബിറ്റുമിൻ (വി ജി 30) വാങ്ങുന്നതിനായി ബി പി സി എല്ലിന് തുക നല്കിയിട്ടുണ്ട്. സാധനങ്ങളുടെ വില വ്യത്യാസം കമ്പനിയിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല.

| ഇനം | നല്കിയതുക വൌച്ചർനമ്പർ | ഇൻവോയ്സ് നമ്പർ തീയതി | തുക | സ്ഥാപനം | തിരികെ ലഭ്യമാക്കേണ്ട തുക |
|---|---|---|---|---|---|
| ബിറ്റുമിൻ വി ജി 30 | 21601095/21.03.17 | 6300098872/27.03.17 | 647721 | ബി പി സി എൽ, കൊച്ചി | 2169868- |
| | 398301രൂ | 6300099678/28.03.17 | 539768 | | 2163742 |
| | 21601094/21.03.17 | 6300100295/29.03.17 | 539768 | | = |
| | 1771567രൂ | 6300001203/05.04.17 | 436485 | | 6126രൂ |

സ്ഥാപനത്തിൽ നിന്ന് തുക തിരിച്ച കിട്ടുന്ന മുറക്ക് വിവരങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് .

## 3-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പദ്ധതികൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പദ്ധതി | നിർവ്വഹണ ഉദ്യോഗ സ്ഥൻ | പ്രോജക്ട് നമ്പർ | അടങ്കൽ | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|
| പി എം എ വൈ ഭവന വിഹിതം | വി ഇ ഒ | 154/17 | 540000 (വികസനഫണ്ട്) | സെക്രട്ടറി , പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 540000 | 13/16-17 8.03.17 |
| തെരുവുനായ്ക്കളുടെ | വെറ്റിനറി | 146/17 | 100000 | സെക്രട്ടറി , | 100000 | 2/16-17 |

| | | | | | | |
|---|---|---|---|---|---|---|
| നിയന്ത്രണം - ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ | സർജൻ | | | കണ്ണൂർ ജില്ലാ പഞ്ചായത്ത് | | 21.03.17 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം | 100000 | -- |
| | 13500 | നെൽക്യഷിക്ക് കൂലിച്ചെലവ് | 13500 | -- |
| | 333000 | ക്ഷീരകർഷകർക്ക് പാലുല്പാദന സബ്സിഡി | 333000 | -- |
| | 50000 | സ്വാന്ത്വനപരിചരണം | 50000 | -- |
| ജില്ലാ പഞ്ചായത്ത് | 22500 | നെൽക്യഷിക്ക് കൂലിച്ചെലവ് | 22500 | -- |
| | 162500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 162500 | -- |

മുൻവർഷങ്ങളിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ഖണ്ഡിക 1-4ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശാനുസരണം തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|---|

| നമ്പർ | ഏജൻസി | പേര് | നമ്പർ | നല്കിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ എസ് ഇ ബി | സമ്പൂർണ്ണ വൈദ്യുതീകരണം | | 400000 | 400000 | -- |

2014-15 സാമ്പത്തിക വർഷം തെരുവു വിളക്ക് ലൈൻ എക്സ്റ്റ് ടെൻഷനും മീറ്ററിംഗിനുമായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ ലഭ്യമായിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വായ്പയെടുത്തിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ<br>ഭവനനിർമ്മാണം | ജി.ഒ.(എംഎസ്) 274/2010/ തസ്വഭവ തീയതി 27.01.2010<br>15309000/- രൂപ വായ്പയെടുക്കാൻ | 15309000 | 4821050 | 414750 | | 4406300 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

30,000/- രൂപ മൂല്യമുള്ള ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 10,000 |

| | | |
|---|---|---|
| | സൊസൈറ്റിയുടെ ഡി ക്ലാസ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 49, മെമ്പർ നമ്പർ 35 ഡി | |
| 2 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് നമ്പർ 4430 | 20,000 |
| | ആകെ | 30,000 |

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം | 30000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-2008 | | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ നടപടികൾ പാലിക്കാതെ നടപ്പിലാക്കിയത് സംബന്ധിച്ച് | 2888/പ്രൊഡക്ട്സ്/ അനെർട്ട്/2012 തീ.29.8.2016-ലെ<br>കത്ത് പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57588355 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 53282342 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6832 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8007 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5507686 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6832 | | ശ്രീ ജെയ്സൺ മാത്യു, സെക്രട്ടറി |
| 3-1 | | 8007 | ,, |
| ആകെ | 9531രൂ | 8007രൂ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 110388 | ശ്രീ ജെയ്സൺ മാത്യു, സെക്രട്ടറി-88476രൂ<br>ശ്രീ ഗോപി എംടി, സെക്രട്ടറി-<br>21912രൂ |
| 3-5 | 141400 | ഡോ.സലീന, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ ,പെരിങ്ങോം |
| 3-6 | 109703 | ,, |
| 3-7 | 80000 | ഡോ വിൻസന്റ്, വെറ്റിനറി സർജൻ |
| 3-9 | 483995 | ശ്രീ ജെയ്സൺ മാത്യു, സെക്രട്ടറി |
| 3-11 | 4260200 | ശ്രീ സുനിൽ കുമാർ, വി ഇ ഒ |
| 3-13 | 40000 | ,, |
| 3-14 | 30000 | ,, |
| 3-15 | 32000 | ,, |
| 3-17 | 100000 | ,, |
| 3-18 | 120000 | ,, |
| ആകെ | 5507686രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജെയ്സൺ മാത്യു, സെക്രട്ടറി | സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | മൂലക്കുന്നേൽ ഹൌസ്, മാങ്ങാട്, കല്ല്യാശ്ശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്/കെ.എൻ.ആർ/ഡി3/1276/08(24)<br>തീയതി 18.03.2009 | 1 |
| 1997-98 | എൽ.എഫ്/കെ.എൻ.ആർ/ഡി3/1276/08(24)<br>തീയതി 18.03.2009 | 2 |
| 1999-2000 | എൽ.എഫ്.കെ.എൻ.ആർ.ഡി3/1276/08(24)<br>തീയതി 18.03.2009 | 1 |
| 2000-01 | എൽ.എഫ്/കെ.എൻ.ആർ/ഡി3/1276/08(24)<br>തീയതി 18.3.2009 | 1 |
| 2001-02 | എൽ.എഫ്/കെ.എൻ.ആർ/ഡി3/1276/08(24)<br>തീയതി 18.03.2009 | 1 |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/ഡി3/1276/08(24)<br>തീയതി 18.03.2009 | 2 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/ഡി3/143/09 | 3 |

| | | |
|---|---|---|
| | തീയതി 17.05.2009 | |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/ഡി3/434/09<br>തീയതി 24.04.2010 | 8 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/ഡി3/600/09<br>തീയതി 25.3.2011 | 2 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/ഡി8/566/10<br>തീയതി 14.03.2012/14.03.2012 | 6 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി8/133/11<br>തീയതി 12.10.2011 | 5 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി8/438/11<br>തീയതി 11.06.2011 | 14 |
| 2009-2010<br>2010-2011 | എൽ.എഫ്/കെ.എൻ.ആർ/സി4/1332/13<br>തീയതി 03.02.2014 | 10 |
| 2011-12<br>2012-13 | എൽ.എഫ്/കെ.എൻ.ആർ/സി4/115/15<br>തീയതി 05.08.2015 | 8 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി4/1060/16<br>തീയതി 22.06.2016 | 9 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.4/1991/2016<br>തീ. 4.1.17 | 17 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ/കെഎൻആർ/സി.1/1500/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ – 04972707698

ഇ-മെയിൽ doknr.ksad@kerala.gov.in

തീയതി: 10.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

No. KSA/KNR/C1/1500/2017

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE, KANNUR

PHONE- 04972707698

E-mail. doknr.ksad@kerala.gov.in

Dated: 10.10.2017

Certified that I have audited the Annual Financial Statement of Peringome-Vayakkara Grama Panchayath in Kannur District for the year ended 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Peringome Vayakkara Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

Deputy Director,
District Audit Office, Kannur.

## അനുബന്ധം 2

# RECEIPT AND PAYMENT STATEMENT OF PERINGOME VAYAKKARA GRAMA PANCHAYAT FOR

# THE PERIOD FROM 01-APRIL, 2016 TO 31- MARCH, 2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT (Rs) |
|---|---|---|---|
| OPENING BALANCE | | | |
| | BANK<br>CASH | RP -40(a)<br>RP-40(a) | 3590750<br>283419 |
| RECEIPTS | | | |
| OPERATING | | | |
| 110000000 | TAX REVENUE | RP-1 | 1113530 |
| 130000000 | FEES AND USER CHARGES | RP-4 | 784307 |
| 140000000 | SALE AND HIRE CHARGES | RP-5 | 148776 |
| 150000000 | REVENUE GRANTS CONTRIBUTIONS& COMPENSATIONS | RP-7 | 8911392 |
| 160000000 | INTEREST EARNED | RP-9 | 54973 |
| 171000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 38340337 |
| 320000000 | OTHER LIABILITIES | RP-36 | 2812718 |
| NON OPERATING | | | |
| 180000000 | OTHER INCOME | RP-10 | 181364 |
| 311000000 | EARMARKED FUNDS | RP-29 | 659 |
| 340000000 | DEPOSITS RECEIVED | RP-34 | 34354 |
| 350000000 | OTHER LIABILITIES | RP-36 | 184525 |
| 431000000 | SUNDRY DEBTORS(RECEIVABLE) | RP-43 | 4389396 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 632024 |

| | | | |
|---|---|---|---|
| GRAND TOTAL | | | 61462524 |
| PAYMENTS | | | |
| OPERATING | | | |
| 210000000 | ESTABLISHMENT EXPENSES | RP-11 | 3229600 |
| 220000000 | ADMINISTRATIVE EXPENSES | RP-12 | 856553 |
| 230000000 | OPERATIONS AND MAINTANANCE | RP-13 | 409460 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | RP-15 | 3121840 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | RP-16 | 17746836 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | RP-17 | 666240 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | RP-18 | 341695 |
| 254000000 | EXPENDITURE FOR TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES | RP-19 | 765120 |
| 255000000 | MAINTANANCE PROJECTS | RP-20 | 3103336 |
| 280000000 | PRIOR PERIOD ITEM | RP-26 | 27957 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 2425 |
| 350000000 | OTHER LIABILITIES | RP-36 | 8059646 |
| NON OPERATING | | | |
| 240000000 | INTEREST AND FINANCE CHARGES | RP-14 | 5018 |
| 280000000 | PRIOR PERIOD INCOME | RP-26 | (12500) |
| 311000000 | EARMARKED FUNDS | RP-29 | 26000 |

| | | | |
|---|---|---|---|
| 330000000 | SECURED LOANS | RP-32 | 414750 |
| 340000000 | DEPOSITS RECEIVED | RP-34 | 93498 |
| 350000000 | OTHER LIABILITIES | RP-36 | 2381050 |
| 410000000 | FIXED ASSETS | RP-38 | 3611453 |
| 412000000 | CAPITAL WORK IN PROGRESS | RP-40 | 7019134 |
| 420000000 | INVESTMENTS | RP-41 | 5822 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 1153834 |
| CLOSING BALANCE | | | |
| | BANK<br>CASH | RP – 40(b)<br>RP – 40(b) | 8012489<br>167693 |
| GRAND TOTAL | | | 61462524 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 3

# INCOME & EXPENDITURE STATEMENT OF PERINGOME VAYAKKARA GRAMA PANCHAYAT FOR THE PERIOD FROM 01-APRIL, 2016 TO 31- MARCH, 2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT |
|---|---|---|---|

| | | | |
|---|---|---|---|
| | | | (Rs) |
| INCOME | | | |
| 110000000 | TAX REVENUE | I-1 | 4407247 |
| 130000000 | RENTAL INCOME FROM PANCHAYATH PROPERTIES | I-3 | 792720 |
| 140000000 | FEES AND USER CHARGES | I-4(b) | 910222 |
| 150000000 | SALE AND HIRE CHARGES | I-5(b) | 206176 |
| 160000000 | REVENUE GRANTS , FUNDS, CONTRIBUTIONS AND COMPENSATIONS | I-6 | 101364656 |
| 171000000 | INTEREST EARNED | I-8 | 54973 |
| 180000000 | OTHER INCOME | I-9 | 166364 |
| A | TOTAL INCOME | | 107902358 |
| EXPENDITURE | | | |
| 210000000 | ESTABLISHMENT EXPENSES | I-10(b) | 10369580 |
| 220000000 | ADMINISTRATIVE EXPENSES | I-11(b) | 856553 |
| 230000000 | OPERATIONS AND MAINTANANCE | I-12(b) | 453698 |
| 240000000 | INTEREST AND FINANCE CHARGES | I-13 | 5018 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | I-14 | 8887276 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | I-14(a) | 32703401 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | I-14(b) | 666240 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | I-14(c) | 3443695 |
| 254000000 | EXPENDITURE OF TRANSFERRED INSTITUTIONS AND | I-14(d) | 47168815 |

| | | | |
|---|---|---|---|
| | STATE SPONSORED SCHEMES(NOT INCLUDED UNDER DECENTRALISED PLAN PROGRAMME) | | |
| 255000000 | MAINTANANCE PROJECTS | I-14(e) | 3103336 |
| 272000000 | DEPRECIATION | I-17(a) | 13925087 |
| B | TOTAL EXPENDITURE | | 118482699 |
| C=A-B | GROSS SURPLUS / DEFICIT OF INCOME OVER EXPENDITURE | | (10580341) |
| D=280000000 | PRIOR PERIOD ITEM | I-18 | (1537802) |
| E=C-D 290000000 | GROSS SURPLUS/DEFICIT OF INCOME OVER EXPENDITURE AFTER PRIOR PERIOD ITEMS | | (9042539 ) |
| | TRANSFER TO RESERVE FUNDS | | |
| | NET BALANCE BEING SURPLUS/ DEFICIT CARRIED OVER TO BALANCE SHEET (PANCHAYATH FUND) | | |

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം 4**

# BALANCE SHEET OF PERINGOME VAYAKKARA GRAMA PANCHAYATH AS ON 31.03.2017

| CODE NO | DESCRIPTION OF ITEMS | SCHEDULE NO | AMOUNT |
|---|---|---|---|
| LIABILITIES | | | |
| RESERVES AND SURPLUS | | | |
| 310000000 | PANCHAYATH FUND | B-1 | (28210668) |
| 311000000 | EARMARKED FUND | B-2 | 5443 |
| 312000000 | RESERVES | B-3 | 79989135 |
| TOTAL RESERVES AND SURPLUS | | | 51783909.01 |
| GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | |
| 320000000 | GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | B-4 | 4799984 |
| TOTAL GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | 4799984 |

| | | | |
|---|---|---|---|
| LOANS | | | |
| 330000000 | SECURED LOANS | B-5 | 4406300 |
| TOTAL LOANS | | | 4406300 |
| CURRENT LIABILITIES AND PROVISIONS | | | |
| 340000000 | DEPOSITS RECEIVED | B-7 | 929426.4 |
| 35000000 | OTHER LIABILITIES | B-9 | 1043306.5 |
| TOTAL CURRENT LIABILITIES AND PROVISIONS | | | 1952732.9 |
| TOTAL LIABILITIES | | | 62942926.00 |
| ASSETS | | | |
| FIXED ASSETS | | | |
| 410000000 | FIXED ASSETS | B-11 | 81225904 |
| 411000000 | ACCUMULATED DEPRECIATION | B-11 | (32075606) |
| 412000000 | CAPITAL WORK IN PROGRESS | B-11(a) | 202302 |
| TOTAL FIXED ASSETS | | | 49352600 |
| INVESTMENTS | | | |
| 420000000 | INVESTMENTS | B-12 | 30000 |
| TOTAL INVESTMENTS | | | 30000 |
| CURRENT ASSETS , LOANS AND ADVANCES | | | |
| 431000000 | SUNDRYDEBTORS(RECEIVABLES) | B-15 | 372226 |
| 440000000 | PREPAID EXPENSES | B-16 | 4406300 |
| 450000000 | CASH AND BANK BALANCES | B-17 | 8180182 |
| 460000000 | LOANS, ADVANCES AND DEPOSITS | B-18 | 601618 |
| TOTAL CURRENT ASSETS, LOANS AND ADVANCES | | | 13560326 |
| TOTAL ASSETS | | | 62942926 |

ഡെപ്യൂട്ടി ഡയറക്ടർ